പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4929 26.06.2019-ലെ മറുപടിക്ക്

## കോട്ടയത്ത് ട്രാൻസ്പോർട്ട് ഭവൻ നിർമ്മാണം

ചോദ്യം — ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

മറുപടി — ശ്രീ. എ.കെ.ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോട്ടയത്ത് കെ.എസ്.ആർ.ടി.സി. വക സ്ഥലത്ത് ട്രാൻസ്പോർട്ട് ഭവൻ നിർമ്മിക്കാനുള്ള പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സിയുടെ നിലവിലെ മോശം സാമ്പത്തിക സ്ഥിതിമൂലം പ്രവർത്തനങ്ങൾ നിർത്തി വച്ചിരിക്കുകയാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ ഭരണ, സാങ്കേതിക അനുമതികൾ ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | കോട്ടയം ഡിപ്പോയിൽ നിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്ന ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ 29.24 കോടി രൂപയുടെ മാസ്റ്റർ പ്ലാനിൽ കൊമേഴ്സ്യൽ ബ്ലോക്ക്, കണക്ഷൻ ബ്ലോക്ക്, ഗ്യാരേജ്, ബസ് ടെർമിനൽ ബ്ലോക്ക് എന്നിവയുടെ സിവിൽ പണികൾ മാത്രമാണ് വിഭാവനം ചെയ്തിരുന്നത്. ഇതിൽ ഗ്യാരേജ് MLA-LAC-ADS ഫണ്ട് ഉപയോഗിച്ച് പണിയുന്നതിന് വേണ്ടി പ്രത്യേകം ദർഘാസ് ക്ഷണിക്കുവാൻ തീരുമാനിച്ചിരുന്നു. 23.9.2014-ൽ ബഹു. ഗതാഗത വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പ്രാഥമികമായി ബസ് ടെർമിനൽ ബ്ലോക്കിനും കണക്ഷൻ ബ്ലോക്കിനും മാത്രം ദർഘാസ് ക്ഷണിക്കുവാൻ തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ 19.12.2014 ൽ ചേർന്ന 382-ാമത് ഭരണ സമിതി യോഗത്തിന്റെ അജണ്ട ഇനം 97/2014 തീരുമാനമായി പ്രസ്തുത പ്രവൃത്തിയ്ക്കായി റിവൈസ്ഡ് SOR 2012 ന്റെ അടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | | എസ്റ്റിമേറ്റ് തുകയായ 19.50 കോടി രൂപയും എസ്റ്റിമേറ്റ് തുകയേക്കാൾ 8% കൂടുതൽ തുകയായ 21,06,00,000/- രൂപ രേഖപ്പെടുത്തിയ കരാറുകാരൻ ശ്രീ.ജെ.അബ്ദുൾ വാഹിദിന് പ്രവൃത്തി ചെയ്യുന്നതിനുള്ള അംഗീകാരം നൽകിയിട്ടുണ്ട്. |
| (സി) | ഇതു സംബന്ധിച്ച് കരാറിലേർപ്പെട്ടിട്ടും പണി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടായിട്ടുണ്ടോ; എങ്കിൽ തടസ്സം നീക്കുന്നതിനായി എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (സി) | കരാറിൽ ഏർപ്പെട്ടിരുന്നുവെങ്കിലും, ബഹു.എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന ഗ്യാരേജിന്റെ പണി നടന്ന് കൊണ്ടിരുന്നതിനാൽ ഘട്ടം ഘട്ടമായേ പണി തുടങ്ങുവാൻ കഴിയുമായിരുന്നുള്ളൂ. ഈ പ്രോജക്ടിന് വേണ്ടി വരുന്ന തുക സർക്കാരിൽ നിന്നും ലഭിക്കുന്ന ഫണ്ടിന് പുറമെ പലിശ രഹിത നിക്ഷേപത്തിലൂടെ സമാഹരിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ കെ.എസ്.ആർ.ടി.സി ഇതേ മാതൃകയിൽ മറ്റു സ്ഥലങ്ങളിൽ ആരംഭിച്ച പണികൾക്ക് പ്രതീക്ഷിച്ച പോലെ പലിശ രഹിത നിക്ഷേപം ലഭ്യമാകാത്ത സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സിയ്ക്ക് ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ ഈ പ്രവൃത്തി തുടങ്ങിയാൽ പൂർത്തീകരിക്കുവാൻ കഴിയുകയില്ല എന്ന കാരണത്താൽ ഈ പണി ഇതുവരെ തുടങ്ങിയിട്ടില്ല. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മേൽ പ്രവൃത്തിയുടെ പണി തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**